

# കോഹ ലൈബ്രറി കമ്പ്യൂട്ടർവൽക്കരണത്തിലെ പ്രധാന സ്വതന്ത്ര (സൗജന്യ) സോഫ്റ്റ്‌വെയർ

ഡോ. ടി. കെ. ഗിരീഷ് കുമാർ
8547754492

ലൈബ്രറികളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം ആധുനിക രീതിയിലുള്ള സേവനങ്ങൾ പരിമിതമായ സമയത്തിനുള്ളിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി ഉപഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ നൽകുവാനും രൂപം കൊണ്ടിട്ടുള്ളവയാണ് ആധുനിക ലൈബ്രറി കമ്പ്യൂട്ടർവൽക്കരണ സോഫ്റ്റ്‌വെയറുകൾ. ലൈബ്രറി ജീവ നക്കാരുടെ ദൈനംദിന ജോലിഭാരം ലഘൂകരിക്കുവാനും അതിന് ആനുപാതികമായി വൈവിധ്യമാർന്ന മെച്ചപ്പെട്ട സേവനങ്ങൾ ശാസ്ത്രീയമായ രീതിയിൽ ലഭ്യമാക്കുവാനും ഉതകുന്നവയാണിവ

കോമേർസിയൽ സോഫ്റ്റ്‌വെയറുകൾ മാത്രം ലൈബ്രറി കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ അടക്കി വാണിരുന്ന കാലഘട്ടത്തിൽ ആയിരുന്നു സമാന സൗകര്യങ്ങളോട് കൂടിയ, തികച്ചും സൗജന്യമായി ഉപയോഗിക്കാവുന്ന ലോകത്തിലെ തന്നെ ആദ്യത്തെ സ്വതന്ത്ര ലൈബ്രറി കമ്പ്യൂട്ടർവൽക്കരണ സോഫ്റ്റ് വെയർ (Open Source Integrated Library System) ആയി 1999 ൽ ന്യൂസിലാന്റിൽ കാറ്റിപ്പോ കമ്മ്യൂണിക്കേഷൻസ് (Katipo Communications) എന്ന കമ്പനിയുടെ സഹകരണത്തോടു കൂടി കോഹ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നത്. അവിടുന്നിങ്ങോട്ട്, ഒന്നര ദശകത്തോളമായി തുടർച്ചയായി ട്ടുണ്ടായ രൂപമാറ്റവും, സമന്വയിപ്പിച്ച അത്യാധുനിക സാങ്കേതിക സൗകര്യങ്ങളും, ദേശീയ- അന്തർദേശീയ തലത്തിൽ ഏറ്റവും കൂടുതൽ അംഗീകരിച്ച സോഫ്റ്റ്‌വെയറാക്കി കോഹയെമാറ്റി. തികച്ചും സൗജന്യമായിത്തന്നെ ഡൗൺലോഡ് ചെയ്യാനും, അല്പം സാങ്കേതിക വൈദഗ്ധ്യം ഉള്ളവർക്കുപോലും പൂർണ്ണമായും രൂപമാറ്റം വരുത്തുവാനും അവരവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ക്രമീകരണം നടത്തുവാനും സാധ്യമാകുന്ന തരത്തിലുള്ളതാണ് കോഹസോഫ്റ്റ്‌വെയർ. ഇതിന്റെ ഉറവിട ഘടന (Source Code) ഉപഭോക്താവിനു നേരിട്ട് ലഭ്യമാകയാൽ അതിനെകുറിച്ച് ആധികാരികമായി മനസ്സിലാക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും സാധിക്കുന്നു. ദേശീയ- അന്തർദേശീയ തലങ്ങളിലുള്ള ലൈബ്രേറിയന്മാരുടെയും കമ്പ്യൂട്ടർ പരിജ്ഞാനികളുടെയും ഒപ്പം ഉപഭോക്താക്കളുടെയും വിപുലമായ ഒരു ശൃംഖല തന്നെ ഈ സോഫ്റ്റ്‌വെയറിന്റെ തുടർച്ചയായ വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം ഏതു തരത്തിലുള്ള പ്രശ്നപരിഹാരത്തിനും സഹായത്തി നും ഉതകുന്ന തരത്തിലുള്ള ഓൺലൈൻ സംവിധാനങ്ങളോടു കൂടിയ ആശയവിനിമയ സംവിധാനങ്ങൾ കോഹസോഫ്റ്റ്‌വെയറിനെ മറ്റുള്ള സോഫ്റ്റ്‌വെയറുകളിൽ നിന്നും തികച്ചും വ്യത്യസ്തമാക്കുന്നു. അക്കാദമിക് അല്ലെങ്കിൽ ഗവേഷണ ലൈബ്രറികൾ എന്നോ മൊത്തം ശേഖരത്തിന്റെ ഏറ്റ കുറച്ചിലുകൾ എന്നോ വ്യത്യാസം ഇല്ലാതെ എല്ലാതരത്തിലുള്ള ലൈബ്രറികളിലും ഫലപ്രദമായ രീതിയിൽ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാക്കുന്നതിന് ഈ സ്വതന്ത്രസോഫ്റ്റ്‌വെയറിനുള്ള ശക്തി തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. യൂണികോഡ് (UNICODE) സാങ്കേതികതയും ഒന്നിലധികം ഇന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവും കോഹയുടെ മാത്രം പ്രത്യേകതയാണ്.

ലൈബ്രേറികളിലെ ദൈനംദിന പ്രവർത്തനങ്ങൾ കൂടാതെ പ്രധാനപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിവരങ്ങളും വളരെ ഭംഗിയായും വ്യക്തമായും നടത്തികൊണ്ടുപോകുന്നതിന് ഉതകുന്ന തരത്തിലാണ് ഈ സോഫ്റ്റ്‌വെയറിന്റെ ഘടന രൂപകല്പന ചെയ്തിരിക്കുന്നത്. ലൈബ്രറികളിലെ പ്രധാനപ്രവർത്തനങ്ങളായ ലൈബ്രറി പ്രബന്ധങ്ങളുടെ സൂചിക, പുസ്തക ഇടപാടുകൾ, ഉപഭോക്താവിന്റെ വിവരങ്ങളും ക്രമീകരണങ്ങളും, വിവിധ തരത്തിലുള്ള റിപ്പോർട്ടുകൾ തുടങ്ങിയവയോടൊപ്പം മാസികകളും മറ്റ് അനുബന്ധ പ്രസിദ്ധീകരണങ്ങളും, ഇലക്ട്രോണിക് - ശാസ്ത്രീയ ഗവേഷണ ഉല്പന്നങ്ങൾ വാങ്ങുന്നതുമുതൽ അതോടനുബന്ധിച്ച എല്ലാ പ്രക്രിയകളും വളരെ ചിട്ടയോടും കാര്യക്ഷമതയോടും കൂടി ചെയ്യുവാൻ കോഹ സോഫ്റ്റ്‌വെയറിനുള്ള കഴിവ് പ്രത്യേകം അംഗീകരിക്കപ്പെടേണ്ടതാണ്. ഒരു പരിധിവരെ മറ്റ് കോമേർസിയൽ സോഫ്റ്റ്‌വെയറുകൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഉതകുന്നവയാണെങ്കിൽ കൂടി അവ വാങ്ങാനും, വർഷം തോറും പരിപാലിക്കാനും വേണ്ടി




കോഹ സോഫ്ട്‌വെയറിനെ സൂചിപ്പിക്കുന്ന ചിത്രം

ബന്ധപ്പെട്ടവർക്ക് നൽകേണ്ടി വരുന്നത് വളരെ ഭീമമായ തുകയാണ്. ഉപഭോക്താക്കൾ അത് വാങ്ങിച്ച് ഉപയോഗിക്കാമെന്നല്ലാതെ യാതൊരു തരത്തിലുള്ള പ്രാദേശിക ക്രമീകരണങ്ങളോ മറ്റ് മാറ്റങ്ങളോ വരുത്തുവാനുള്ള സ്വാതന്ത്ര്യമോ അധികാരമോ അവർക്ക് ഉണ്ടായിരിക്കുന്നതുമല്ല. തന്മൂലം പല വലിയ ലൈബ്രറികളും ഇന്ന് കോഹ സോഫ്റ്റ്‌വെയറിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുകയാണ്.


പുസ്തകങ്ങളും മറ്റു ബന്ധപ്പെട്ട വിവരങ്ങളും തിരഞ്ഞു കണ്ടുപിടിക്കുന്നതിനും വിപുലമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ലോകത്തിന്റെ ഏതു കോണിൽ നിന്നും സാധിക്കുന്ന രീതിയിലുള്ള ഒപാക് (Online Public Access Catalog) സംവിധാനമാണ് കോഹ പ്രയോജനപ്പെടുത്തിയിരിക്കുന്നത്. തിരഞ്ഞുകിട്ടുന്ന പുസ്തകങ്ങൾ മുൻകൂട്ടി റിസർവ് ചെയ്തു കരുതി വയ്ക്കുന്നതിനും ഇതോടൊപ്പം സാധിക്കുന്നു. മാത്രവുമല്ല ലൈബ്രറികളിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ ഉൾപ്പെടുത്തുവാൻ ഓണ് ലൈനായിത്തന്നെ അറിയിക്കുന്നതിനും കൂടി ഉള്ള സൗകര്യം ഈ സോഫ്റ്റ്‌വെയറിലുണ്ട്. ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ മൊബൈൽ ഫോണ്, ഐ-പാഡ് എന്നിവയുമായി പൊരുത്തപ്പെട്ടുപോകുന്ന തരത്തിലുള്ള സാങ്കേതിക സംവിധാനവും കോഹ സോഫ്റ്റ്‌വെയർ കൈവരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ആധുനിക സേവനങ്ങളായ ലിപ്യന്തരണം, RSS Feed RFID. (Radio Freqency Identification), ബാർകോഡ്, സോഷ്യൽ നെറ്റവർക്കുകൾ എന്നിവയുമായി കോഹയെ ഫലപ്രദമായി സംയോജിപ്പിക്കുവാനും വളരെ എളുപ്പമാണ്. ഇത് OPAC നെ കൂടുതൽ സൗകര്യപ്രദവും പ്രാദേശികവും ആക്കിമാറ്റുന്നു.

ഇന്നത്തെ പല ലൈബ്രറികളും വെബ്സൈറ്റിന്റെ രൂപത്തിൽ രൂപഘടനയിൽ മാറ്റം വരുത്തിയും ഒപാക് (OPAC) ഉപയോഗിച്ച് വരുന്നു. തന്മൂലം ലൈബ്രറികളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അവിടെ നിന്നുകൊണ്ടു തന്നെ തിരഞ്ഞെടുക്കാൻ സാധിക്കുന്നു. Cloud Computing, e-Discovery, എന്നിവ പോലുള്ള ആധുനിക സാങ്കേതിക വിദ്യകളെ പിന്തുണയ്ക്കുന്നതിനാൽ കോഹ കൂടുതൽ ശ്രദ്ധയാകർഷിക്കുന്നു. കോഹ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നവർക്ക് മാത്രമായി കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ മുംബൈയിലും പൂനെയിലും ആദ്യമായി കോഹ ഉപഭോക്തൃ സംഗമം (Koha User Meet) എന്ന പേരിൽ സമ്മേളനവും നടത്തുകയുണ്ടായി. ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇൻഫോർമാറ്റിക്സ് (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനം കഴിഞ്ഞ ഫെബ്രുവരിയിൽ കോഹ ഉപഭോക്താക്കൾക്ക് വേണ്ടി പ്രഥമദേശീയ സ്വകാര്യയോഗം (National Koha Conclave) ബാംഗ്ലൂരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ വർഷവും ഫെബ്രുവരിയിൽ പൂനെയിൽ വച്ച് നടത്തുവാനാണ് തീരുമാനം. കോഹയുടെ യഥാർത്ഥ ഡെവലപ്പർ തന്നെ ഈ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട് എന്നതാണ് ഇവയുടെ പ്രാധാന്യം.


ഇന്ത്യയിലെ സ്കൂൾ, കോളേജ്, സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ കൂടാതെ പബ്ലിക്ക് ലൈബ്രറികൾ വരെ കോഹ സോഫ്റ്റ്‌വെയർ വളരെ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ടെങ്കിലും കൂടുതൽ മേഖലകളിലേക്കുകൂടി ഇത് വ്യാപിക്കേണ്ടതായിട്ടുണ്ട്. മറ്റ് സ്വതന്ത്രസോഫ്റ്റ്‌വെയറുകളായ എവർഗ്രീൻ, എബിസിഡി, ന്യൂജെൻലിബ് എന്നിവയുംലൈബ്രറി കമ്പ്യൂട്ടർവത്കരണത്തിന് ഉതകുന്നവയാണെങ്കിൽ കൂടി, കോഹയുടെ അതിപ്രസരമാണ് ഇന്ത്യയിലുടനീളം കണ്ടു വരുന്നത്. മറ്റുള്ള സോഫ്റ്റ്‌വെയറുകളുമായി താരതമ്യം ചെയ്യുമ്പോൾ ന്യൂജെൻലിബ് സോഫ്റ്റ്‌വെയർ മാത്രമാണ് ഇന്ത്യ വികസിപ്പിച്ചെടുത്തുള്ള ഏക സ്വതന്ത്രലൈബ്രറി കമ്പ്യൂട്ടർവത്കരണ സോഫ്റ്റ്‌വെയർ. മുകളിൽ വിവരിച്ച ഓരോ സോഫ്റ്റ്‌വെയറിനും അതിന്റേതായ ഗുണങ്ങളും പരിമിതികളും ഉണ്ടെങ്കിൽ കൂടിയും ഉപയോഗിക്കുന്നതിലുള്ള സുതാര്യതയും, കൂടുതൽ വിപുലമായ ആശയ വിനിമയ സംവിധാനവും തുടർച്ചയായി ലഭ്യമാകുന്ന പരിഷ്കരിച്ച പതിപ്പുകളും, അവബോധ പരിപാടികളും, അതിവേഗം വളർന്നുവരുന്ന സാമൂഹിക പ്രസക്തിയും ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനയും കോഹ സോഫ്റ്റ്‌വെയറിനെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നു. ഇന്ത്യയിലെ കമ്പ്യൂട്ടർവത്കരണ

സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന 600 ഓളം വരുന്ന ലൈബ്രറികളിൽ ലേഖകൻ നടത്തിയ പഠനത്തിൽ കേരളം കോഹ ഉപയോഗത്തിൽ മുൻപന്തിയിലാണെന്ന് തെളിഞ്ഞിട്ടുണ്ട്. കർണാടകയും മഹാരാഷ്ട്രയുമാണ് തൊട്ട് പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾ. കൂടാതെ, അതിൽ കോഹസോഫ്റ്റ് വെയറിന്റെ മൊത്തം ഉപയോഗത്തിന്റെ 50% വും നടന്നിട്ടുള്ളത് കഴിഞ്ഞ 5 വർഷ കാലയളവിലാണെന്നത് കോഹയുടെ വർദ്ധിച്ച് വരുന്ന ഉപയോഗം ചൂണ്ടികാണി ക്കുന്നു. ഇതിൽ 36% ത്തോളം ലൈബ്രറികളും കോളേജ്, യൂണിവേഴ്സിറ്റി ലൈബ്രറികളാണ്.


മുൻനിര ലൈബ്രറികളായ സെൻട്രൽ യൂണിവേഴ്സിറ്റികൾ,ഐ.ഐ.എം,ഐ.ഐ.ടി,ഐ.ഐ.എസ്.ആർ.എ ന്നവിടങ്ങളിൽ കോഹ സോഫ്റ്റ്‌വെയർ കൂടുതലായി ഉപയോഗിച്ച് വരുന്നു. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കേരള യൂനിവേഴ്സിറ്റി, തിരുവനന്തപുരം പബ്ലിക് ലൈബ്രറി (കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി) എന്നിവ അവയിൽ പ്രധാനപ്പെട്ടവ മാത്രം. ഒരേ സ്ഥാപനത്തിന്റെ കീഴിൽ പലപ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ലൈബ്രറികളുടെപ്രവർത്തനങ്ങളെഏകോപിപ്പിക്കുവാനും, ഒരൊറ്റ കുടക്കീഴിൽ പ്രവർത്തിപ്പിക്കാനും കോഹയ്ക്കുള്ള കഴിവ് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.കേരളസർക്കാർ അതിന്റെ കീഴിലുള്ള ബന്ധപ്പെട്ട എല്ലാ ലൈബ്രറികളിലും കോഹ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ഔദ്യോഗികമായ പ്രഖ്യാപനം നടത്തിയിരുന്നു. കേരള ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള 7000 ത്തോളം വരുന്ന ലൈബ്രറികളിലും കോഹ ഉപയോഗിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കോഹയുടെ മലയാളഭാഷയിലൂടെ ഉപയോഗിക്കാവുന്ന പതിപ്പിന്റെ നിർമ്മാണം, ഗ്രാമീണഗ്രന്ഥശാല പ്രവർത്തകർക്ക് പരിശീലനം നൽകൽ തുടങ്ങിയവക്ക് വേണ്ട പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുള്ള പ്രാഥമിക നടപടികൾ മുന്നേറുകയാണ്. അതിൽ ഏകദേശം 300 ഓളം ലൈബ്രറികൾ കോഹയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കോഹയുടെ ഉപയോഗത്തിന്റെ ആവശ്യകത മനസ്സിലാക്കി അതിന്റെ പ്രാഥമിക പ്രചരണ നടപടി എന്നോണം പല യൂണിവേഴ്സിറ്റികളിലും ലൈബ്രറി സയൻസ് കോഴ്സ് സിലബസിൽ ഒരു പ്രത്യേക വിഷയമായി കോഹയെ പ്രതിപാദിച്ചിട്ടുണ്ട്. കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്(CSIR)ന്റെ അധീനതയിലുള്ള എല്ലാ ലൈബ്രറികളിലും കോഹ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർവത്കരണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കോഹസോഫ്റ്റ്‌വെയറിന്റെ ഉപയോഗം അനുദിനം വളർന്ന് വരികയാണ്. ഒട്ടനവധി സേവന സന്നദ്ധരായ ലൈബ്രേറിയന്മാരും മറ്റും തികച്ചും സൗജന്യമായോ മിതമായ നിരക്കിലോ ഈ സോഫ്റ്റ് വെയറിന്റെ




കോഹ സോഫ്ട്‌വെയറിന്ററെ അഡ്മിൻ ഇന്ററർഫേസ്




കോഹ സർക്കുലേഷൻ മൊഡ്യൂൾ (Circulation Module)




പാട്രോൺ മൊഡ്യൂൾ (Patrons Module)

ഉപയോഗം, ഇൻസ്റ്റാളേഷൻ, ഡാറ്റാ മൈഗ്രേഷൻ എന്നിവയിൽ താത്പര്യമുള്ള ഉപഭോക്താക്കളെ സഹായിക്കാനും അറിവ് പകർന്ന് കൊടുക്കുവാനും മുന്നോട്ട് വരുന്നുണ്ട്. കൂടാതെ പണം കൊടുത്ത് ഉപയോഗപ്പെടുത്താവുന്ന പ്രവർത്തക സംഘങ്ങളും സജീവമായി ഇന്ത്യയിലുണ്ട്. മാത്രമല്ല ലൈവ് സിഡി/ ഡിവിഡി എന്നിവയുടെ രൂപത്തിലും ഓൺലൈനായും നിമിഷങ്ങൾക്കകം ഫലപ്രദമായ രീതിയിൽ കോഹ ഉപയോഗപ്പെടുത്തുവാനുള്ള സംവിധാനവും വികസിപ്പിച്ചെടുത്തിട്ടുള്ളത് ആദ്യമായി കോഹ ഉപയോഗിക്കാൻ താത്പര്യപ്പെടുന്നവർക്ക് കൂടി ഏറെ ഉപകാരപ്രദമാണ്. അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്ന അവബോധ പരിപാടികളും സെമിനാറുകളും കൂടുതൽ പേരെ കോഹ സോഫ്റ്റ്‌വെയറിലേക്ക് ആകർഷിക്കുന്നു. സ്കൂളുകളിലും പബ്ലിക് ലൈബ്രറികളിലും കൂടി ഈ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചാൽ, ഒരു പൊതുജാലകത്തിലൂടെ ഏതു പുസ്തകത്തിന്റെയും വിവരങ്ങൾ നിമിഷങ്ങൾക്കകം കണ്ടെത്തുവാൻ സാധിക്കുകയും ചെയ്യും.

കോഹ സോഫ്റ്റ്‌വെയർ പോലെ ലോകമെങ്ങും വ്യാപകമായി ഉപയോഗിക്കുന്ന, അനസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന ഒരു സൗജന്യ സോഫ്റ്റ്‌വെയർ ലഭ്യമായിരിക്കുമ്പോൾ, അതിനുവേണ്ടി നിരവധി സംഘങ്ങൾ സൗജന്യമായി വികസന ഗവേഷണ പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുമ്പോൾ നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങൾ പണം മുടക്കിയും അല്ലാതെയും സമാന്തര സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുകയല്ല വേണ്ടത്. മറിച്ച്, ഇത്തരം സോഫ്റ്റ്‌വെയറുകളും സാങ്കേതിക വിദ്യ ഇന്ന് എത്തിനിൽക്കുന്നിടത്ത് നിന്നും നമ്മുടെ പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായി അവയെ തുടർന്ന് വികസിപ്പിച്ചെടുക്കുകയാണ് ബുദ്ധിപരമായും കോസ്റ്റ് എഫക്ടീവയും ചെയ്യാവുന്ന കാര്യം. അതല്ലെങ്കിൽ നാം നമ്മുടെ ഭാഷ സാങ്കേതികത തുടങ്ങിയവ ഉൾക്കൊള്ളിച്ചുള്ള പ്രാദേശിക ആവശ്യങ്ങൾ നിവർത്തിക്കാൻ പര്യാപ്തമായ ഒരു സോഫ്റ്റ്‌വെയർ നിർമ്മിക്കാൻ ഇനിയും മറ്റൊരു ദശകം കൂടി കാത്തിരിക്കേണ്ടി വരുമെന്നതിൽ സംശയമില്ല. മറ്റ് വികസ്വര രാജ്യങ്ങൾ എത്തി നിൽക്കുന്ന സാങ്കേതിക തലത്തിൽ നിന്നും അത് ഉപയോഗപ്പെടുത്തി നമ്മുടെ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി കൊണ്ടുള്ള തുടർ വികസനത്തിനാണ് ഇനി നാം ശ്രമിക്കേണ്ടത്. കോഹ സോഫ്റ്റ്‌വെയറിനെ കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ www. koha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ആധാര രേഖകൾ


Chattopadhyay, Sougata and Sarkar, Arup (2017). Bibliographic Data Migration from LibSys to Koha : Experience at St. Xavier□s College, Kolkata., 2017 . In INDKOHA 2017 Two Day International Conference on Koha, Kolkata, 26th - 27th Aug. [Conference paper]

Gireesh Kumar, T K (2016). Embracing Open Source Software for Library Automation: A Feasibility Study Based on Selected Libraries in South India., 2016 . In 61st ILA International Conference on Sustaining the Excellence: Transforming Libraries through Technology, Innovation and Value added Services in Google Era, 2016, Saurashtra University Library, Saurashtra University, Rajkot □ 360005, March 12-15, 2016. [Conference paper]

Gireeshkumar T.K (2017). Open Source Software for Integrated Library System: Relative Appropriateness in the Indian Context□ (Phd Theses). Kottayam, Mahatma Gandhi University, 2017.

LibLime (2018). Koha Website. കോഹ വെബ്സൈറ്റ് . www.koha.org. Accessed on 01. September,2018.

Wayne State University (2010). Koha Reference Manual. http://www.koha.org/library/resources/documents/wayne-state-university-koha-3.0-reference-manual.pdf. Accessed on 01. September,2018.